**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1099** **06-10-2021 - ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി ഫിഷറീസ് ഹാർബർ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | തോട്ടപ്പള്ളി ഫിഷറീസ് ഹാർബർ 2011-ൽ കമ്മീഷൻ ചെയ്തെങ്കിലും ഹാർബറിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാർബർ ബേസിനകത്ത് ക്രമാതീതമായി മണ്ണ് അടിയുന്നതിനാൽ ഹാർബർ പ്രവർത്തനക്ഷമമാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ പൂനെ CWPRS എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ പഠന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിൽ ഇപ്പോഴുള്ള തെക്കേ പുലിമുട്ടിന്റെ നീളം 420 മീറ്റർ വർദ്ധിപ്പിക്കുന്നതിനും വടക്കേ പുലിമുട്ടിൽ നിന്നും 300 മീറ്റർ വടക്കോട്ട് മാറി 436 മീറ്റർ നീളത്തിൽ മറ്റൊരു പുലിമുട്ട് നിർമ്മിക്കുന്നതിനും ശുപാർശ ചെയ്യുകയുണ്ടായി. 28-05-2020 ൽ PMMSY സ്കീമിൽ 94.14 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. |
| (ബി) | ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനായി പ്രധാനമന്ത്രി മത്സ്യ സമ്പാദ് യോജനയിൽ ഉൾപ്പെടുത്തി നൽകിയ എസ്റ്റിമേറ്റിന് ഇനിയും അംഗീകാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അംഗീകാരം ലഭിക്കാൻ എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാർബർ ബേസിനകത്ത് ക്രമാതീതമായി മണ്ണ് അടിയുന്നതിനാൽ ഹാർബർ പ്രവർത്തനക്ഷമമാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ പൂനെ CWPRS എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ പഠന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിൽ ഇപ്പോഴുള്ള തെക്കേ പുലിമുട്ടിന്റെ നീളം 420 മീറ്റർ വർദ്ധിപ്പിക്കുന്നതിനും വടക്കേ പുലിമുട്ടിൽ നിന്നും 300 മീറ്റർ വടക്കോട്ട് മാറി 436 മീറ്റർ നീളത്തിൽ മറ്റൊരു പുലിമുട്ട് നിർമ്മിക്കുന്നതിനും ശുപാർശ ചെയ്യുകയുണ്ടായി. 28-05-2020 ൽ PMMSY സ്കീമിൽ 94.14 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല |
| (സി) | ഹാർബർ വികസനം അടിയന്തരമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസത്തിന്റെ ഭാഗമായി 13.38 കോടി രൂപ ചെലവിൽ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി |

| | | | |
|---|---|---|---|
| | | | പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട്. ഇതോടൊപ്പം ബേസിനിൽ അടിഞ്ഞു കൂടിയ മണ്ണ് IREL മായി കരാറിലേർപ്പെട്ട് ഡ്രെഡ്ജ് ചെയ്ത് നീക്കുന്നതിനാൽ ഹാർബർ ഭാഗികമായി പ്രവർത്തനക്ഷമമാണ്. |

സെക്ഷൻ ഓഫീസർ